ഊർജ്ജിതമാക്കുവാനുദ്ദേശിച്ച്, ടാർജറ്റ് നിശ്ചയിച്ച് നൽകുകയും അതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം നടത്തുകയും ചെയ്യുന്നു. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലാകളക്ടർമാർക്കും ഡെപ്യൂട്ടി കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മോട്ടോർ വാഹന വകുപ്പിൽ കെ.എസ്.ആർ.ടി.സി. ഒഴികെയുള്ള കടിശ്ശിക ഭൂരിഭാഗവും ബുക്ക് അഡിയർ ആണ്. ഇത് കുറയ്ക്കുന്നതിനായി ഒരു തീവ്രയത്ന കടിശ്ശിക നിവാരണമാസം (1-8-2014 മുതൽ 31-8-2014 വരെ) നടത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) പ്രസ്തുത നടപടികളിലൂടെ പിരിച്ചെടുക്കുവാൻ കഴിഞ്ഞ നികുതി കടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | എക്സൈസ് വകുപ്പ് | 1,28,33,265 രൂപ |
| 2. | രജിസ്ട്രേഷൻ വകുപ്പ് | 150.57 കോടി രൂപ |
| 3. | മോട്ടോർ വാഹന വകുപ്പ് (30-6-2014-വരെ ലഭ്യമായ കണക്കുകൾ പ്രകാരം) | 161,35,38,740 രൂപ |
| 4. | വാണിജ്യ നികുതി വകുപ്പ് (31-10-2014-ലെ കണക്ക് പ്രകാരം) | 91.72 കോടി രൂപ |

## നികുതി വരുമാനങ്ങളുടെ സ്റ്റേ

167 (2405) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കേണ്ട വിവിധ നികുതി വരുമാനങ്ങൾക്ക് സർക്കാർ നൽകിയ സ്റ്റേ കാരണം എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഉപാധികളോടെയുള്ള സ്റ്റേ മുഖാന്തരവും ഉപാധിരഹിത സ്റ്റേ മുഖാന്തരവും എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളതെന്ന് പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2014-ലെ കണക്കനുസരിച്ച് നികുതി വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാണിജ്യ നികുതിയിനത്തിൽ 230.19 കോടി രൂപയുടെ സർക്കാർ സ്റ്റേ (ഇൻസ്റ്റാൾമെന്റ് ഒഴികെ) കൊടുത്തിട്ടുണ്ട്. ലാന്റ് റവന്യൂ ഇനത്തിൽ സർക്കാർ നൽകിയ സ്റ്റേ ഇനത്തിൽ 40.79 കോടി രൂപയാണ് ഉൾപ്പെട്ടിരിക്കുന്നത്. മോട്ടോർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly